"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മൃഗസംരക്ഷണ വകുപ്പ്- ജീവനക്കാര്യം - വെറ്ററിനറി സർജൻ ഡോ. ആബിദ ഹമീദിന്റെ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്ത് ടിയാളെ സർവ്വീസിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മൃഗസംരക്ഷണ (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.46/2025/AHD തീയതി,തിരുവനന്തപുരം, 18-12-2025

---

പരാമർശം:-

1. 30.12.2020-ലെ 83/2020/ധന. സർക്കാർ നം. സർക്കുലർ
2. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 09.12.2015-ലെ ഡി4/28654/2015/ജീ.കാ. നമ്പർ നടപടിക്രമം
3. ഡോ.ആബിദ ഹമീദ്-ന്റെ 14.01.2021-ലെ അപേക്ഷ
4. 01.03.2021-ലെ ഇ3/68/2021-എഎച്ച് നം. സർക്കാർ കത്ത്
5. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 26.08.2021-ലെ ഡി4/4538/2020/ജീ.കാ. നമ്പർ കത്ത്
6. 03.12.2021-ലെ ഇ3/267/2021-എഎച്ച് നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
7. ഡോ.ആബിദ ഹമീദ്-ന്റെ 22.01.2022-ലെ കത്ത്
8. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 18.04.2022-ലെ AHD/6/2022-X5/Vigi. നമ്പർ കത്ത്
9. 17.05.2024-ലെ ഇ3/267/2021-എഎച്ച് നമ്പർ കാരണം കാണിക്കൽ നോട്ടീസ്
10. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 07.08.2024-ലെ AHD/6/2022-X5/Vigi. നമ്പർ കത്ത്
11. 08.10.2024-ലെ R.O/445/F2/2024/I&PRD നമ്പർ നോട്ടീസ്
12. ബഹു.പബ്ലിക് സർവ്വീസ് കമ്മീഷന്റെ 10.10.2025-ലെ A1-1/6/2025-kpsc നമ്പർ കത്ത്

**ഉത്തരവ്**

മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജൻ ഡോ.ആബിദ ഹമീദ് (Abida Hameed)-ന് KSR Part I, Appendix XII C പ്രകാരം 15.11.2005 മുതൽ പരാമർശം (2) പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. നിയമപ്രകാരം അനുവദിച്ചിരുന്ന ശൂന്യവേതനാവധി 14/11/2020 ൽ

അവസാനിച്ചതിനെ തുടർന്ന് അവധി ദീർഘിപ്പിക്കുന്നതിനായി ടിയാൾ പരാമർശം(3) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന സർക്കാരിൽ അവധി അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം(1) സർക്കുലറിൽ അഞ്ചുവർഷത്തിലധികമുള്ള അവധി ദീർഘിപ്പിക്കുന്നതിനായി 05.11.2020-ന് ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ മേൽ സർക്കുലറിന്റെ അടിസ്ഥാനത്തിൽ അവധി ദീർഘിപ്പിക്കുന്നതിലേക്കായി ഡോ.ആബിദ ഹമീദ് സമർപ്പിച്ച പരാമർശം (3) പ്രകാരമുള്ള അപേക്ഷ നിരസിച്ച് അടിയന്തരമായി ജോലിയിൽ പ്രവേശിപ്പിക്കാൻ ടിയാൾക്ക് നിർദ്ദേശം നൽകാൻ പരാമർശം (4) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു.

2. എന്നാൽ കുട്ടികളുടെ വിദ്യാഭ്യാസം യുണൈറ്റഡ് അറബ് എമിറേറ്റ്സ്-ലെ സ്കൂളിൽ നടക്കുന്നതിനാലും കോവിഡ്-19 മഹാമാരിയുടെ സാഹചര്യമായതിനാലും സർവ്വീസിൽ തിരികെ പ്രവേശിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ടിയാൾ അറിയിച്ചതായി പരാമർശം (5) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു.

3. സർവീസിൽ തിരികെ പ്രവേശിക്കുന്നതിന് ബുദ്ധിമുട്ടാണെന്ന് ടിയാൾ അറിയിച്ച സാഹചര്യത്തിൽ പരാമർശം (1) സർക്കുലറിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII-C, ചട്ടം 10 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിലേയ്ക്ക് പരാമർശം (6) പ്രകാരമുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന ടിയാൾക്ക് നൽകിയിരുന്നു.

4. പ്രസ്തുത കുറ്റപത്രവും കുറ്റാരോപണ പത്രികയും ഡോ. ആബിദ ഹമീദിന്റെ വിദേശത്തെയും ഇന്ത്യയിലെയും മേൽവിലാസത്തിൽ അയച്ചു നൽകിയിരുന്നതിൽ, വിലാസം പൂർണ്ണമല്ലായെന്ന കാരണത്താൽ വിദേശ മേൽവിലാസത്തിലെ തപാൽ പോസ്റ്റ് ഓഫീസിൽ കൈപ്പറ്റിയില്ലെന്നും ഇന്ത്യയിലെ മേൽവിലാസത്തിൽ അയച്ചു നല്കിയ തപാൽ കൈപ്പറ്റുകയും കൈപ്പറ്റ് പകർപ്പ് ലഭ്യമാക്കുകയും ചെയ്തുവെന്നും ടിയാൾ പ്രതിവാദപത്രിക നല്കിയിട്ടില്ലായെന്നും എന്നാൽ താൻ ഇനി സർവീസിൽ തുടരാൻ ആഗ്രഹിക്കുന്നില്ലായെന്ന് കാണിച്ചുകൊണ്ട് പരാമർശം (7) പ്രകാരം കത്ത് സമർപ്പിച്ചിട്ടുണ്ടെന്നും പരാമർശം (8) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. തുടർന്ന് ഡോ. ആബിദ ഹമീദിന്റെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചിട്ടില്ലാത്തിനാൽ കെ.എസ്.&എസ്.എസ്.ആർ ഭാഗം II, ചട്ടം 19 പ്രകാരം ടിയാളുടെ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്ത് ടിയാളെ സർവീസിൽ നിന്നും പുറത്താക്കുന്നതിന് താത്കാലികമായി തീരുമാനിച്ച് ടിയാൾക്ക് സർക്കാർ കാരണം കാണിക്കൽ നോട്ടീസ് പരാമർശം (9) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാകാത്തതിനാൽ പരാമർശം (11) പ്രകാരം ടി കാരണം കാണിക്കൽ നോട്ടീസ് പത്രങ്ങളിലും മൃഗസംരക്ഷണ വകുപ്പിന്റെ വെബ് സൈറ്റിലും പരസ്യപ്പെടുത്തിയിരുന്നു. ആയതിനും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന ഡോ. ആബിദ ഹമീദിന്റെ പ്രൊബേഷൻ കെ.എസ്.&എസ്.എസ്.ആർ ഭാഗം II, ചട്ടം 19 പ്രകാരം ടെർമിനേറ്റ് ചെയ്ത് ടിയാളെ 15.11.2020 പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്യാവുന്നതാണ് എന്ന് താൽക്കാലിക തീരുമാനമെടുത്തിരുന്നതും പ്രസ്തുത താൽക്കാലിക തീരുമാനത്തിന്മേൽ ബഹു.പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരാഞ്ഞിരുന്നതുമാണ്.

5. പ്രസ്തുത താൽക്കാലിക തീരുമാനവുമായി യോജിക്കുന്നതായി ബഹു.പബ്ലിക് സർവ്വീസ് കമ്മീഷൻ പരാമർശം (12) പ്രകാരം ഉപദേശം ലഭ്യമാക്കിയിരുന്നു.

6. സർക്കാർ ഇക്കാര്യം പരിശോധിച്ചു. അനുവദിച്ച ശൂന്യവേതനാവധി അവസാനിച്ചതിന്

ശേഷം സർവ്വീസിൽ തിരികെ പ്രവേശിക്കാതെ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്നതും മേലധികാരിയുടെ അനുമതിയില്ലാതെ വിദേശത്ത് തുടരുന്നതുമായ മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജൻ ഡോ. ആബിദ ഹമീദിന്റെ പ്രൊബേഷൻ കെ.എസ്.&എസ്.എസ്.ആർ ഭാഗം II, ചട്ടം 19 പ്രകാരം ടെർമിനേറ്റ് ചെയ്ത് ടിയാളുടെ അവധി അവസാനിച്ചതിന്റെ പിറ്റേദിവസം പ്രാബല്യത്തിൽ (15.11.2020) ടിയാളെ സർവ്വീസിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഇക്കാര്യത്തിൽ അടിയന്തര തുടർ നടപടി സ്വീകരിക്കേണ്ടതും നിർവഹണ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, ബഹു.പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡോ.ആബിദ ഹമീദ്, വെറ്ററിനറി സർജൻ (മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി‌ണ്

ഉത്തരവിൻ പ്രകാരം

**Signed by Ajayakumar. A**
**Date: 19-12-2025 12:54:50**

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു.മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
സെക്രട്ടറിയുടെ പി.എ-യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്